# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ .6619

01/11/2011 - ൽ മറുപടിയ്ക്ക്

## പയ്യന്നൂർ നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പിൻ പ്രവൃത്തികൾ

**ചോദ്യം**

ശ്രീ. സി.കൃഷ്ണൻ

**മറുപടി**

ശ്രീ. പി .ജെ.ജോസഫ്
(ബഹു.ജലവിഭവ വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) പയ്യന്നൂർ നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പിൻ കീഴിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അറിയിക്കാമോ ; | എ) ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കീഴിൽ പയ്യന്നൂർ നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പിൻ കീഴിൽ താഴെ പറയുന്ന പ്രവൃത്തികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്.<br>1) തോട്ടും കടവ് പാലത്തിന് താഴെ കാനായി ശ്രീ. മുത്തപ്പൻ മഠപ്പുരയ്ക്ക് സമീപം പെരുവാപുഴയുടെ വലതുകര സംരക്ഷണം.<br>2) മുപ്പോട് തോട് ഉപ്പുവെള്ള പ്രതിരോധ ബണ്ടിന്റെ മേൽ ഭാഗത്ത് മുക്കുറ്റ് തോടിന്റെ സംരക്ഷണം.<br>3) വെള്ളൂർ ജില്ലയിലെ നാഗത്തുമ്മൂല വി.സി.ബിയുടെ മേൽഭാഗത്ത് കൊളയക്കര തോടിന്റെ കരസംരക്ഷണം.<br>**കേരള വാട്ടർ അതോറിറ്റിയുടെ** കീഴിൽ പയ്യന്നൂർ നഗരസഭയ്ക്ക് വേണ്ടിയുള്ള യു.ഐ.ഡി എസ്.എസ്.എം.ടി (യുഡിസ്മാറ്റ്) കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. 4019 ലക്ഷം രൂപ അടങ്കൽ തുകയുള്ള പ്രസ്തുത പദ്ധതി വഴി 95,009 ജനങ്ങൾക്ക് പ്രയോജനം ലഭിക്കും. |

**എക്സിക്യൂട്ടീവ് ഡയറക്ടർ, ജലനിധിയുടെ** കീഴിൽ പയ്യന്നൂർ നിയോജക മണ്ഡലത്തിൽ ഇപ്പോൾ ജലനിധി പ്രവൃത്തികൾ ഒന്നും നടക്കുന്നില്ല. എന്നാൽ ജലനിധി ഒന്നാംഘട്ട പദ്ധതിയിൻ കീഴിൽ പെരിങ്ങോം - വയക്കര പഞ്ചായത്തിൽ 62 ഗുണഭോക്തൃ സമിതികളിലായി 62 കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കി 1836 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കിയിട്ടുണ്ട്

**ഭൂജലവകുപ്പ് ഡയറക്ടറുടെ** കീഴിൽ ചെറുപുഴ ഗ്രാമ പഞ്ചായത്തിലെ കുണ്ടംകോട് പട്ടിക ജാതി കോളനിയിൽ എം.പി.എൽ. എ.ഡി.എഫ് പദ്ധതിയിൻ പ്രകാരം നടപ്പിലാക്കുന്ന ചെറുകിട കുടിവെള്ള പദ്ധതിയാണ് ഇപ്പോൾ പയ്യന്നൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കി വരുന്നത്.

ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ?

ബി) **ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും)** കീഴിൽ തോട്ടുംകടവ് പാലത്തിന് താഴെ കാനായി ശ്രീ മുത്തപ്പൻ മഠപ്പുരയ്ക്ക് സമീപം പെരുവാപുഴയുടെ വലതുകര സംരക്ഷണം - ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. മുപ്പോട്തോട് ഉപ്പുവെള്ള പ്രതിരോധ ബണ്ടിന്റെ മേൽ ഭാഗത്ത് മുക്കൂറ്റ് തോടിന്റെ സംരക്ഷണം, വെള്ളൂർ ജില്ലയിലെ നാഗത്തുമ്മൂല വി.സി.ബിയുടെ മേൽ ഭാഗത്ത് കൊളയക്കര തോടിന്റെ കര സംരക്ഷണം -എന്നീ പ്രവൃത്തികൾ സംബന്ധിച്ച പണി കരാറുകാർ തുടങ്ങിയിട്ടില്ല.

**കേരള വാട്ടർ അതോറിറ്റിയുടെ** കീഴിൽ പയ്യന്നൂർ നഗരസഭയ്ക്ക് വേണ്ടിയുള്ള യു.ഐ.ഡി എസ്.എസ്.എം.ടി (യുഡിസ്മാറ്റ്) കുടിവെള്ള പദ്ധതിയുടെ ഭൂതല സംഭരണിയുടെ പ്രവൃത്തി പൂർത്തീകരിച്ചു. ഗ്രാവിറ്റി

മെയിൻ, വിതരണ ശൃംഖല എന്നിവയുടെ പ്രവൃത്തികൾ പൂർത്തിയായി വരുന്നു. നാട്ടുകാരുടെ എതിർപ്പ് കാരണം കിണറിന്റെയും പമ്പിംഗ് മെയിനിന്റെയും പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. പ്രസ്തുത കാരണത്താൽ ശുദ്ധീകരണശാലയുടെ പ്രവൃത്തിയും മുടങ്ങികിടക്കുകയാണ്.

**എക്സിക്യൂട്ടീവ് ഡയറക്ടർ, ജലനിധിയുടെ** കീഴിൽ പൂർത്തീകരിച്ച പദ്ധതികളുടെ നടത്തിപ്പും തുടർ പരിപാലനവും ഗുണഭോക്തൃ സമിതികൾക്കും പഞ്ചായത്തിനുമാണ്.

**ഭൂജലവകുപ്പ് ഡയറക്ടറുടെ** കീഴിൽ ചെറുപുഴ ഗ്രാമ പഞ്ചായത്തിലെ കുണ്ടംകോട് പട്ടികജാതി കോളനിയിൽ എം.പി.എൽ. എ.ഡി.എഫ് പദ്ധതിയിൻ പ്രകാരം നടപ്പിലാക്കുന്ന ചെറുകിട കുടിവെള്ള പദ്ധതിയുടെ മറ്റു പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിക് കണക്ഷൻ ലഭ്യമാകേണ്ടതുണ്ട്.

സെക്ഷൻ ഓഫീസർ